പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1184 | 02-05-2017-ലെ മറുപടിയ്ക്ക്

## വരൾച്ചമൂലം ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കാനായുള്ള നടപടികൾ

ചോദ്യം | മറുപടി

**ശ്രീ.പി.കെ. ശശി**

ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തുണ്ടായ കൊടിയ വരൾച്ചമൂലം ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ;

(എ) വരൾച്ച മൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽകർഷകർ മൂപ്പ് കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും, എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴയില്ലാതെ വിത്ത് മുളയ്ക്കാത്ത സാഹചര്യത്തിൽ വീണ്ടും വിതയ്ക്കുന്നതിനായി വിത്തിന്റെ കരുതൽ ശേഖരം സംസ്ഥാന വിത്തു വികസന അതോറിറ്റിയിൽ സൂക്ഷിച്ചിട്ടുണ്ട്.

ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും മറ്റും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം, സാങ്കേതിക ഉപദേശം എന്നിവ നൽകിവരുന്നു.

വരൾച്ച മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള സഹായം ദുരന്ത നിവാരണ അതോറിറ്റി വഴി ലഭ്യമാക്കുന്നതിനും ഇതിനാവശ്യമായ അധിക തുകയായി വയനാട് ജില്ലയ്ക്കു മാത്രമായി 27 കോടി രൂപയും മറ്റു ജില്ലകൾക്കായി 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വരൾച്ചയെ പ്രതിരോധിക്കുന്നതിനും കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നൂതന ടെക്നോളജിയായ PPFM (Pink Pigmented Facultative Methylotrophic Bacteria) VAM (Vesicular Arbuscular Mycorrhiza) എന്നിവ ലഭ്യമാക്കി വിളകളിൽ പ്രയോഗിക്കുന്നതിനുള്ള നടപടികൾ

പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 140.625 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി നടപ്പാക്കി വരികയുമാണ്.

| | | | |
|---|---|---|---|
| **(ബി)** | സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ട് ; ഇത് മൊത്തം കർഷകരുടെ എത്ര ശതമാനമാണ് ; ഇതിലെ അംഗങ്ങൾക്ക് നടപ്പുവർഷം എന്ത് സഹായം നൽകി എന്ന് വ്യക്തമാക്കുമോ; | **(ബി)** | സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതിയിൽ 89452 കർഷകർ അംഗങ്ങളായിട്ടുണ്ട്. ഇത് മൊത്തം കർഷകരുടെ 1.4 ശതമാനമാണ്. നടപ്പുവർഷം സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതിയിൽ 53,56,475/- രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. |
| **(സി)** | വരൾച്ചമൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള ദുരന്തനിവാരണ അതോറിറ്റി വഴി എന്തെല്ലാം ആശ്വാസ നടപടികൾ സ്വീകരിച്ചുവരുന്നു എന്നും ഇതുവഴി എത്ര തുകയുടെ സഹായം എത്ര കർഷകർക്ക് നാളിതുവരെ നൽകി എന്നും വ്യക്തമാക്കുമോ; | **(സി)** | പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ദുരന്തനിവാരണ അതോറിറ്റി വഴി നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. ഇതു വഴി നൽകിവരുന്ന നഷ്ടപരിഹാര തുകയുടെ തോത് കേന്ദ്ര സർക്കാർ പുനർനിശ്ചയിച്ചപ്പോൾ കുറവ് സംഭവിക്കുകയും ആയത് ഉയർന്ന നിരക്കിൽ സംസ്ഥാന സർക്കാർ പുനസ്ഥാപിച്ച് നൽകുകയും ഉണ്ടായി. ഇതിനായി അധികമായി വേണ്ടി വരുന്ന തുക കൃഷി വകുപ്പ് മുഖേനയാണ് നൽകി വരുന്നത്.<br><br>2016-17 സാമ്പത്തിക വർഷത്തിൽ വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ദുരന്തനിവാരണ അതോറിറ്റി വഴി 8,64,97,099/- രൂപ 31,603 കർഷകർക്കായി വിതരണം ചെയ്തിട്ടുണ്ട്. |
| **(ഡി)** | കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന ടെക്നോളജിയായ Pink Pigmented Facultative Methylotrophic Bactiria (P.P.F.M.) Vesicular Arbuscular Mycorrtiga (V.A.M.) എന്നിവ വിളകളിൽ പ്രയോഗിക്കാനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തെവിടെയെല്ലാം പരീക്ഷിച്ചു ; എത്ര തുക ഇതിനായി ചെലവാക്കി ; ഇതുമൂലമുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | **(ഡി)** | പാലക്കാട്, തൃശ്ശൂർ, കോട്ടയം ജില്ലകളിൽ 2016-17 സാമ്പത്തിക വർഷത്തിൽ രണ്ടാം വിള നെൽകൃഷിയ്ക്ക് പ്രയോഗിക്കുകയുണ്ടായി. ഇതിനായി 8,68,100/- രൂപ ചെലവഴിച്ചു. VAM വിളകളിൽ പ്രയോഗിക്കുന്നതിന് 18,000/- രൂപയും ചെലവായിട്ടുണ്ട്. PPFM പ്രയോഗിക്കുന്നതുവഴി വരൾച്ചയെ ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിച്ചു. VAM വിളകളിൽ പരീക്ഷിച്ചതുവഴി ചെടിയുടെ വേരുവളർച്ച ത്വരിതപ്പെടുത്തി ആവശ്യമായ വേഗത്തിൽ ആഗിരണം ചെയ്ത് വിളവ് കൂട്ടാൻ സാധിച്ചു. |

**സെക്ഷൻ ഓഫീസർ**